# കേരളസർവകലാശാല

നം.പി.ആർ.128 (a)/2023 തിരുവനന്തപുരം, തീയതി: 26/06/2023

## പത്രക്കുറിപ്പ്

**ആധുനിക സൗകര്യങ്ങളോടെ നിർമ്മാണം പൂർത്തീകരിച്ച ഇഎംഎസ് ഹാളും വൈവിദ്ധ്യമാർന്ന ഇതരപദ്ധതികളും 2023 ജൂൺ 28 ന് വൈകിട്ട് 3.00 മണിക്ക് കാര്യവട്ടം കാമ്പസിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും മന്ത്രിമാരും ഡെപ്യൂട്ടി സ്പീക്കറും എം.എൽ.എമാരും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.........**

മികവിലും വളർച്ചയിലും രാജ്യത്തെ പ്രധാന സർവ്വകലാശാലകളുടെ നിരയിലേക്ക് നമ്മുടെ മാതൃസർവ്വകലാശാല മാറുകയാണ്. NAAC അക്രെഡിറ്റേഷനിൽ A++, NIRF റാങ്കിങ്ങിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം. ഗ്രേഡിങ്ങും റാങ്കിങ്ങും ഉയർന്നതാകുമ്പോഴും സാധാരണക്കാരായ വിദ്യാർത്ഥികളുടെ മികവിനെ ഏറ്റവും കുറഞ്ഞ ചെലവിൽ പരിരക്ഷിച്ചു വളർത്തുന്ന പ്രതിജ്ഞാബദ്ധത ഈ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയുടെ സാമൂഹ്യനീതിയുടെ അന്തസത്തയെയാണ് അടയാളം ചെയ്യുന്നത്. ഹൈറ്റ്സ് 2023 എന്ന റിസർച്ചേർസ് ഫെസ്റ്റ് സർവ്വകലാശാലയുടെ പഠന ഗവേഷണ പ്രവർത്തനങ്ങളുടെ മഹാ പ്രദർശനമായിരുന്നു. അടിസ്ഥാന സൗകര്യവികസനത്തിലും അക്കാദമിക് മികവിലും പൊതുസർവ്വകലാശാല എന്ന നിലയിൽ പുതിയ ചുവടുവയ്പ്പുകളാണ് കേരളസർവ്വകലാശാല നടത്തിക്കൊണ്ടിരിക്കുന്നത്. സർവ്വകലാശാലയെ ഗ്ലോബൽ റാങ്കിങ്ങിൽ എത്തിക്കുകയെന്ന മഹാദൗത്യമാണ് മുന്നിലുള്ളത്. അതിനായി കേരളസർക്കാർ നൽകിവരുന്ന സഹായസഹകരണങ്ങൾ വളരെ വലുതാണ്. മാതൃകാപരമായ ഒട്ടേറെ അക്കാദമിക പദ്ധതികളും ഭൗതികവികസനവും സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിനെ കൂടുതൽ ശ്രദ്ധേയമാക്കുന്നു. പൂർത്തിയാക്കിയ ഒട്ടേറെ പദ്ധതികളും പുതുതായി ആരംഭിക്കാൻ തയ്യാറായിട്ടുള്ള പദ്ധതികളും ഉദ്ഘാടനം ചെയ്യുകയാണ്. ഇതിനായി കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ 2023 ജൂൺ 28 ന് വൈകിട്ട് 3 മണിക്ക് കാര്യവട്ടം ക്യാമ്പസ്സിൽ എത്തുകയാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു, പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി ശ്രീ.വി.ശിവൻകുട്ടി, സാംസ്ക്കാരിക വകുപ്പ് മന്ത്രി ശ്രീ.സജി ചെറിയാൻ, ഡെപ്യൂട്ടി സ്പീക്കർ ശ്രീ.ചിറ്റയം ഗോപകുമാർ, ശ്രീ.കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ., അഡ്വ.വി.ജോയി എം.എൽ.എ എന്നിവർ മുഖ്യമന്ത്രിയ്ക്കൊപ്പം പൂർത്തിയായ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയും മറ്റുള്ളവയുടെ നിർമ്മാണപ്രവർത്തങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യും.

അഡ്വ.കെ.എച്ച്.ബാബുജാൻ, (സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ) സ്വാഗതം പറയുന്ന യോഗത്തിൽ പ്രൊഫ.(ഡോ.) മോഹനൻ കുന്നുമ്മൽ (വൈസ് ചാൻസലർ) അദ്ധ്യക്ഷത വഹിക്കും.

ആധുനിക സൗകര്യങ്ങളോടെ നിർമ്മാണം പൂർത്തീകരിച്ച ഇ.എം.എസ്. ഹാൾ, ട്രാൻസ ലേഷണൽ റിസർച്ച് ആന്റ് ഇന്നൊവേഷൻ സെന്റർ (TRIC-KU), ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമി ഇന്റർനാഷണൽ സെന്റർ ഫോർ സ്റ്റഡി ആന്റ് റിസർച്ച്, എ.ആർ.രാജരാജവർമ്മ ട്രാൻസിലേഷൻ സ്റ്റഡി സെന്റർ എന്നിവയുടെ ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കും.

ഫിസിക്സ് പഠനവകുപ്പിന്റെ മൈക്രോവേവ് മെറ്റീരിയൽ ലബോറട്ടറി കെട്ടിട ഉദ്ഘാടനം, അയ്യപ്പപ്പണിക്കർ സ്മാരക ഫോറിൻ ലാംഗ്വേജസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം എന്നിവ ഡോ.ആർ.ബിന്ദു (ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി) നിർവഹിക്കും.

സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ & ഇൻഫർമേഷൻ സയൻസിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം, പുതുതായി തുടങ്ങുന്ന സെന്റർ ഫോർ അക്കാദമിക് ആൻഡ് പ്രൊഫഷണൽ ട്രെയിനിങ് (C-APT) സെന്റർ എന്നിവയുടെ ഉദ്ഘാടനം ശ്രീ.വി.ശിവൻകുട്ടി (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) നിർവഹിക്കും.

ഹരിതശോഭയോടെ നിർമ്മാണം പൂർത്തീകരിച്ച സുഗതകുമാരി സ്മൃതിവനത്തിന്റെ ഉദ്ഘാടനവും ശ്രീനാരായണ സാഹിത്യത്തിന്റെ വിവരണാത്മക ഗ്രന്ഥസൂചിയുടെ പ്രകാശനവും ശ്രീ.സജി ചെറിയാൻ (സാംസ്കാരിക വകുപ്പ് മന്ത്രി) നിർവഹിക്കും.

സെൻട്രൽ ലബോറട്ടറിയായ ക്ലിഫിന്റെ മൂന്നാം നിലയുടെ ഉദ്ഘാടനം ശ്രീ.ചിറ്റയംഗോപകുമാർ (ഡെപ്യൂട്ടി സ്പീക്കർ) നിർവഹിക്കും.

ജീവനക്കാർക്കായി പുതുതായി നിർമ്മിച്ച അപ്പാർട്ടുമെന്റ് ശ്രീ.കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ.യും അദ്ധ്യാപകർക്കായി പുതുതായി നിർമ്മിച്ച അപ്പാർട്ടുമെന്റ് അഡ്വ.വി.ജോയി എം.എൽ.എ. യും ഉദ്ഘാടനം ചെയ്യും.

അതിഥികൾക്ക് ഡോ.എസ്.നസീബ് (സിൻഡിക്കേറ്റ് അക്കാദമിക്ക് റിസർച്ച് കമ്മിറ്റി കൺവീനർ) ഉപഹാരം സമർപ്പിക്കും.

സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ.ബി.പി.മുരളി, അഡ്വ.എ.അജികുമാർ, അഡ്വ.ബി.ബാലചന്ദ്രൻ, അഡ്വ.ജി.മുരളീധരൻ, ശ്രീ.എം.എസ്.അരുൺകുമാർ എം.എൽ.എ., പ്രൊഫ.കെ.ജി.ഗോപ്ചന്ദ്രൻ, ശ്രീമതി.രഞ്ചു സുരേഷ്, ശ്രീ.ജയരാജ് ജെ., ശ്രീ.അരുൺകുമാർ ആർ., ശ്രീ.പി.രാജേന്ദ്രകുമാർ, ഡോ.കെ.ബി.മനോജ്, ഡോ.കെ.ലളിത, ശ്രീ.ബിജുകുമാർ.ജി., ശ്രീ.സന്ദീപ് ലാൽ എസ്., ഡോ.പി.എം.രാധാമണി (ക്യാമ്പസ് ഡയറക്ടർ), ശ്രീ.നവീൻ പി.എം (ചെയർമാൻ, റിസർച്ചേഴ്സ് യൂണിയൻ), കുമാരി തേജസ്വിനി എം.സി. (ചെയർപേഴ്സൺ, ഡിപ്പാർട്മെന്റ്സ് യൂണിയൻ) എന്നിവർ പരിപാടിയിൽ പങ്കെടുത്ത് ആശംസകൾ അറിയിക്കും. രജിസ്ട്രാർ പ്രൊഫ.(ഡോ.) കെ. എസ്. അനിൽ കുമാർ നന്ദി പറയും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:**For queries[helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)
**website:** [www.keralauniversity.ac.in](http://www.keralauniversity.ac.in)

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**